ചക്കരചെത്തു വ്യവസായത്തിനു് ഫീസ്സു് വേണ്ടെന്നുള്ള ഏർപ്പാടു ചെയ്തുവെങ്കിലും അതിലും ഇപ്പോഴും ചില മാമൂലുകളെല്ലാം നടക്കുന്നുണ്ടു്. അതിനെ സംബന്ധിച്ചു അടുത്തു പരിചയിച്ചിട്ടുള്ളവർക്കുമാത്രമേ അറിയുവാൻ സാധിക്കുകയുള്ളു. സിൽബന്ധികളെ തൃപ്തിപ്പെടുത്തിയതിനുശേഷം ലൈസൻസ്സും എടുക്കുന്നതിനു് വളരെപ്രയാസമുള്ളതായിട്ടാണു് അനുഭവപ്പെട്ടുവരുന്നതു്. അതുകൊണ്ടാണു് ഫീസ്സു് വേണ്ട, ലൈസൻസ്സായിരുന്നാൽമതിയെന്നു പറയുന്നതു്. എന്നാൽ ഫീസ്സിനേക്കാൾ എത്രയോ കൂടുതൽ സംഖ്യ ലൈസൻസ്സിനു് വേണ്ടിവരുന്നതായിട്ടാണു് സാധാരണ കണ്ടുവരാറുള്ള പതിവു്. അതുകൊണ്ടു് അങ്ങിനെയുള്ള ബുദ്ധിമുട്ടു് സാധുക്കൾക്കു് നേരിടാതിരിക്കണമെന്നുള്ള ഉദ്ദേശവും കൂടി ഈ ഉപക്ഷേപത്തിലുണ്ടു്. തൊഴിലില്ലാതെ പട്ടിണി കിടന്നു കഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുന്ന സാധുക്കൾ എതെങ്കിലും വിധത്തിൽ ഒരു നേരത്തെ ഉപജീവനമാർഗ്ഗത്തിനുവേണ്ടി നിസ്സാരമായ സംഖ്യകൊണ്ടു തുടങ്ങുന്ന ഇതിനെയുള്ള ചെറിയ വ്യവസായങ്ങൾക്കു് ഗവൺമ്മെണ്ടു് യാതൊരു നികുതിയും ചുമത്താതേയും നിർബ്ബന്ധ ലൈസൻസ്സു് കൂടാതേയും അവയെ എല്ലാം അനുവദിക്കണമെന്നു് ഉൽബോധിപ്പിക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നതു്. സാധുജനങ്ങളുടെനേരെ ഞങ്ങൾക്കു് അലിവുണ്ടു്, അലിവുണ്ടു്, ആർദ്രതയുണ്ടു് എന്നു് പൊതു പ്രസംഗപീഠങ്ങളിൽ നിന്നുകൊണ്ടു് പ്രസംഗിക്കുന്ന എന്റെ സ്നേഹിതന്മാരെല്ലാവരും ഹാർദ്ദമായി എന്നോടു സഹകരിച്ചു് ഇതിനെ അനുകൂലിച്ചു പാസ്സു ക്കിതരുമെന്നു് എനിക്കു് പൂർണ്ണവിശ്വാസമുള്ളതുകൊണ്ടു് എല്ലാവരുടേയും സഹായസഹകരണത്തിനും ഈ സഭയുടെ അംഗീകരണത്തിനുമായി ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. A. Sivarama Menon (*Minister for Rural Development*): This is levied on two grounds. Firstly with a view to control the trade, that is to say, to ensure that there is no inferiority in the quality brought to the market and secondly, for collecting the fees. After all, the fees derived by way of this fees is not very much. But if these small trades are not kept under control, there is the danger of un-healthy articles being sold to the public and licensing is the best system to bring such trades under control. I must also remind the hon'ble member, that already there is a provision in the existing law itself to exempt the levy of fees in really hard and deserving cases. So while there is the necessity of having this licensing system, there is also a provision made not to levy the fees in the case of poor people who wish to make an honest living by the sale of the articles manufactured by them. In the face of this provision, to say that the fees is really working hardship on several people, is not a correct statement.

Mr. B. M. Peter (*Latin Christians-Mattancheri*): മിസ്റ്റർ പ്രസിഡെണ്ടു്, സർ, കൊച്ചി ഗവൺമ്മെണ്ടു് വ്യവസായത്തെ പോഷിപ്പിക്കാനായി പ്രയത്നിച്ചുവരികയാണു്. അങ്ങിനെയിരിക്കെ വ്യവസായങ്ങളെ പോഷിപ്പിക്കാനതകന്ന ചെറു വ്യവസായങ്ങളെ അതിന്റെ മുളയിൽതന്നെ നുള്ളുകയെന്നുള്ളതു് ആശാസ്യകരമല്ല. ചെറും ചില്ലറ വ്യവസായങ്ങൾ തുടങ്ങുന്നതിനാരംഭിക്കുമ്പോൾതന്നെ ഗവൺമ്മെണ്ടിൽനിന്നു് ഇങ്ങിനെ ഫീസ്സു് പിരിക്കാൻ തുടങ്ങുമ്പോൾ അതുകൊണ്ടു് അവിടെതന്നെ അവസാനിക്കുകയാണു് പതിവു്. ഈ ഫീസ്സു് പിരിവു കൊണ്ടു്, വല്ലതും അഞ്ചാറു രൂപ കൊണ്ടു് ഒരു ചായക്കച്ചവടമോ മറെറാരു ചെറു വ്യവസായങ്ങളോ തുടങ്ങുന്നവർ കാലതാമസം കൂടാതെ നിരോധിക്കേണ്ടതായിട്ടാണു് വരുന്നതു്. ഈ ഏർപ്പാടുകൊണ്ടു് പല ചില്ലറ വ്യവസായികളും വളരെ കഷ്ടപ്പെടുന്നുണ്ടു്. എന്നതന്നെയല്ല ഇങ്ങിനെ ഫീസ്സു് പിരിക്കുന്നതുകൊണ്ടു് ഗവൺമ്മെണ്ടിലേക്കു ഒരു വലിയ തുക ലാഭമായി കിട്ടുന്നുമില്ല. അതുകൊണ്ടു് ഗ്രാമീണോദ്ധാരണത്തിനു് ആരംഭിച്ചിരിക്കുന്ന നാം ഈ അവസരത്തിൽകൂടി വ്യവസായങ്ങളെ കഴിയുന്നതും വിജയപ്രദമാക്കേണ്ടതാണെന്നുള്ള മിസ്റ്റർ പണിക്കരുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. J. Mathai (*Planters*): മിസ്റ്റർ പ്രസിഡെണ്ട്, സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആദ്യമായി കൊച്ചിയിൽ താഴെയുള്ള ലൈസൻസുകളിൽനിന്ന് എന്തു ആദായം കിട്ടുമെന്നറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

Rama Varmha Tampuran (*Comptroller of Finance and Accounts*): ൧൫,൦൦൦ രൂപാ.

Mr. V. J. Mathai (*Planters*): ഈ വകയിൽ സർക്കാർ ഖജനാവിലേയ്ക്ക് പന്തീരായിരം രൂപായാണ് കിട്ടുന്നതു്. എന്നാൽ ഈ പന്തീരായിരമോ, ഇരുപത്തിനാലായിരമോ എത്ര ആയാലും അതു് ചെറു ചെറു വ്യവസായികളേയും കച്ചവടക്കാരേയും ബുദ്ധിമുട്ടിച്ചു പിരിക്കുന്നതാണെന്നു ഓർക്കുമ്പോഴും രണ്ടാമതു് ഈ ൧൫,൦൦൦ രൂപാ പിരിക്കുന്നതിനു് ബാദ്ധ്യസ്ഥരായ സർക്കാർ കീഴ്ജീവനക്കാരുടെ മാമൂലനുസരിച്ചുള്ള നികുതി പിരിവുകൊണ്ടു് ലൈസൻസ്സെടുക്കുന്നതിനും മറ്റുമായി ലൈസൻസ്സുതുകയേക്കാൾ ഒരു വലിയ തുകയും കൂടി പുറമെ ചിലവാക്കേണ്ടിവരുമെന്നുള്ളതുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഞാനിതുവരെ പറയുന്നതിനിടയ്ക്ക് ബഹുമാനപ്പെട്ട ശവമ്മെണ്ടു സെക്രട്ടറി എന്തോ അവിടെയിരുന്നു പറഞ്ഞുവെന്നതിനെ ഞാൻ വിസ്മരിക്കുന്നില്ല. ഇങ്ങിനെയുള്ള മാമൂൽ എങ്ങും നടപ്പാണെന്നുള്ളതു് ഒരു ചെറിയ സംഗതി ആലോചിക്കുമ്പോൾ ഞാൻ സ്മരിക്കുന്നുണ്ടു്. അതായതു ഒരു സാധുവിനു് ഒരു കൂപ്പുമാടം കെട്ടുന്നതിനു് ഒരു ൫൦൦ കല്ലു വെട്ടി എടുക്കണമെങ്കിൽ, അതിനു ലൈസൻസ്സെടുക്കുന്നതിനു അര രൂപയാണെന്നു വെയ്ക്കുന്നപക്ഷം, ലൈസൻസ്സു കൊടുക്കേണ്ട സിൽബന്ധികളെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ ഈ അര രൂപായ്ക്കു പകരം ൫ രൂപാ ചിലവാക്കേണ്ടിവരും എന്നതന്നെ: എപ്പോഴാണു്. ലൈസൻസ്സെടുക്കേണ്ടതു് എന്തു കൊടുക്കണം എന്നും മറ്റുമുള്ള വിവരങ്ങൾ അറിയുന്നതിനും ഈ പാവങ്ങൾക്കു സൌകര്യമോ തരമോ ഇല്ല. അതുകൊണ്ടു് ഈ ലൈസൻസ്സു് ഫീസ്സു് എപ്പോഴും ചെറുതരം വ്യവസായം നടത്തുന്ന സാധുക്കളെ ഉപദ്രവിക്കുന്നതിനു് ഉതകുന്നുവെന്നുള്ളതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങുന്നു.

***Mr. K. M. Ibrahim** (*Cranganur*): സർ, കല്ലു കരട കാഞ്ഞിരകുറ്റി, മുള്ളു മുരട മൂർഖപ്പാമ്പു വരെ നികുതി ചുമത്തുന്ന ഈ സമ്പ്രദായത്തിൽ എനിക്കു വലിയ പ്രതിഷേധമാണുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറഞ്ഞതുപോലെ വ്യത്യസ്ത വകുപ്പുകൾ നടപ്പിൽ വരുത്തിയാൽ ഒരു പക്ഷെ ഈ സങ്കടങ്ങൾക്കു് ഉപശാന്തി വരുമായിരിക്കാം. അവയെല്ലാം നിയമത്തിൽ ഉറങ്ങിക്കിടക്കുന്ന വകുപ്പുകളാണെങ്കിൽ അതുകൊണ്ടു് യാതൊരു കാര്യവുമില്ല. വേറെ ഒരു ഉദ്യോഗസ്ഥനെ വേണമെങ്കിൽ ഒഴിവാക്കാം എന്നുള്ള വകുപ്പുകൾ എഴുതിവെച്ചിട്ടു് ആ വകുപ്പുകൾ മരിച്ചുകിടക്കുകയാണെങ്കിൽ അതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്?

ചുണ്ണാമ്പു കണക്കാക്കുന്നതിനെ എന്നൊരു വർഗ്ഗക്കാരുണ്ടു്. അവർ സാധുക്കളായതൊരു മൂലധനവും മുടക്കി വ്യവസായം നടത്തുവാൻ ശക്തിയില്ലാത്തവരുമാണു്. കൂപ്പുമാടങ്ങളിൽ താമസിച്ചു കഷ്ടപ്പെട്ട കാലക്ഷേപം കഴിക്കുന്നവരാണു് അവർ. പറമ്പുകളിൽ കിടക്കുന്ന വിറകും വെള്ളക്കയും മറ്റും

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

പൊറുക്കികൊണ്ടുവന്നു ചുണ്ണാമ്പു നീറുന്നവരാണ്" അവർ. അവർക്കുപോലും നികുതിയുണ്ട്". ഇങ്ങിനെ യാതൊരു മൂലധനവുമില്ലാത്തവർക്കുകൂടി നികുതി ചുമത്തുന്നതു വളരെ കഷ്ടമാണ്". അതുകൊണ്ട്" ബഹുമാനപ്പെട്ട മന്ത്രി അവർകൾ അദ്ദേഹത്തിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെണ്ടു് വഴി അശരണരായ സാധുക്കളെ രക്ഷിക്കുമെന്നു" എനിക്കു വിശ്വാസമുണ്ട്". ഈ തരത്തിലുള്ളവരെ ല�ൈസൻസ്സിൽനിന്നും പൂർണ്ണമായി ഒഴിവാക്കി നിറുത്തുവാൻ ശ്രമിക്കണമെന്നാണ് ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നതു്".

Mr. C. R. Iyyunni (*Trichur-South*): May I know whether the same schedule exists in the British and the Travancore Act?

Mr. A. Sivarama Menon (*Minister for Rural Development*): Yes.

Mr. C. R. Iyyunni (*Trichur-South*): Is there any change in the fees levied there?

Mr. A. Sivarama Menon (*Minister for Rural Development*): There may be some slight change.

Mr. C. R. Iyyunni (*Trichur-South*): Is it more, or less?

Mr. A. Sivarama Menon (*Minister for Rural Development*): Generally, a lesser fee is levied here. I can't say definitely.

Mr. C. R. Iyyunni (*Trichur-South*): May I know whether the same schedule applies in the case of Municipalities also?

Mr. K. P. Kannan Nayar (*Secretary to Government*): This schedule affects only the Health Department. There is a special schedule in the Municipal Act.

Mr. A. Sivarama Menon (*Minister for Rural Development*): On a comparison, it will be found that the rates in the rural area are appreciably much lower than the rates prevailing in the Municipal towns.

Mr. C. V. Iyyu (*Kunnamkulam*): May I know the number of instalments by which the fees is collected every year?

Mr. A. Sivarama Menon (*Minister for Rural Development*): These being very small sums, I think they are collected in one instalment.

Mr. C. V. Iyyu (*Kunnamkulam*): മിസ്റ്റർ പ്രസിഡണ്ടു", സർ, ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന മുകുന്ദപുരം ഇഴവമെമ്പറുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഈ ഫീസ് പിരിക്കാനായി ഗ്രാമവാസികളുടെ അടുക്കൽ ഉദ്യോഗസ്ഥന്മാർ ചെല്ലുന്നതു കർക്കടകമാസത്തിലാണ്". കർക്കടകമാസം പണക്കാർക്കുടി പണമില്ലാതെ കഷ്ടപ്പെടുന്ന ഒരു മാസമാണ്". ബുദ്ധിമുട്ടുള്ള ഈ കർക്കടകമാസത്തിൽ നികുതി കൊടുക്കാതിരുന്നാൽ അതിനു

LIBRARY ARCHIVES Kerala Legislative Assembly

പിഴയുണ്ട്. അര രൂപ കൊടുക്കേണ്ട ആൾ പിഴയായി ഒന്നരയും രണ്ടും രൂപാ കൊടുക്കേണ്ടതായിവരുന്നു. അതിനുപുറമെ നികുതിപിരിവിനു ചെല്ലുന്ന ഉദ്യോഗസ്ഥന്മാർക്കു പുരാതനമായ ചില മാമൂലുപ്പാടുകളൊക്കെയുണ്ട്. ഇങ്ങിനെ പലതരത്തിൽ ഈ പാവങ്ങളുടെ അടുക്കൽനിന്നു ഒരു വലിയ സംഖ്യ പിരിച്ചെടുക്കുന്നു.

അതുകൊണ്ടു എനിക്കു പറയുവാനുള്ളതു ഒന്നുകിൽ ഈ ഫീസ് കുറയ്ക്കുക; അതുതന്നെ മൂന്നാലു തവണയായിട്ടു പിരിക്കുക, അല്ലെങ്കിൽ നിവൃത്തിയുണ്ടെങ്കിൽ നികുതിതന്നെ ഇല്ലാതാക്കുക. ഈ സംഗതി സഭയുടെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Dr. A. R. Menon (*Trichur-North*): On a point of information, Sir. What will be the amount of license fee collected licenses below Rs. 5?

Mr. A. Sivarama Menon (*Minister for Rural Development*): That cannot be collected off-hand. In fact the bulk of the collection comes under Rs. 5.

Mr. V. J. Mathai (*Planters*): Is there any separate establishment for collecting this license fees?

Mr. A. Sivarama Menon (*Minister for Rural Development*): This fees is also collected by the usual establishment.

Mr. K. R. Viswambharan (*Ezhuvas-Talappalli*): Can you give me any idea of the cost on the collection of this license fee?

Mr. A. Sivarama Menon (*Minister for Rural Development*): It is very difficult to calculate that.

Mr. K. R. Viswambharan (*Ezhuvas-Talappalli*): Is it a source of profit to the Government?

Mr. A. Sivarama Menon (*Minister for Rural Development*): Of course, it brings in a sum of Rs. 12,000.

Dr. A. R. Menon (*Trichur-North*): Sir, the principle underlying this license fee is already enunciated here. It is only fair to add that in some cases this license fee operates very harshly upon the people. There is no doubt about that. For example, in the case of a person who is dealing in commodities like fish, kerosene oil, etc., I believe, License fee is imposed separately upon all these various articles. It is supposed that the Department will go into this question and will take necessary measure to classify these various articles. In practice, I do not think it is being done. That it affects the poor people in the rural area, there is no doubt. I also know that a major portion of this Rs. 12,000 is collected by the levy of Rs. 5 and less if we include the mills. Even in the case of Municipalities, it will be so. In

LIBRARY ARCHIVES Kerala Legislative Assembly

rural areas you do not find many licensees paying more than this Rs. 5. Many pay, even in Municipal areas Re. 1, Rs. 1—4—0 Rs. 1—8—0, etc. If all these items are abolished, the Department will have to forgo a large amount.

Mr. K. R. Viswambharan (*Ezhuvas-Talappalli*): The basis is that the license fee should not be to profit the Government

Dr. A. R. Menon (*Trichur North*): The principle underlying is this. Officers are appointed to go and inspect all these various shops, etc. The Public Health Department wanted to protect the health of the people and therefore it is argued that it is essential that there must be a body of health-inspectors to inspect these various stalls so that only wholesome food is given.

Secondly, there are certain trades, which are abnoxious and offensive. For example, boiling of the paddy in the Municipal area is considered to be an abnoxious trade under the Municipal Regulation. It is classified under offensive trade because it emits a bad smell. Under this category, many trades are included. I think the same laws are applied in British India and Travancore.

What actually happens is this. The amount thus got is added on to the Public Health Department and that amount is utilized in various ways to safeguard the interests of the public. Therefore, it is not a tax, it is only a license fee. I have not the least doubt that it is oppressive with regard to these smaller trades. But to fix the minimum at Rs. 5 is not a proper way of looking at it. I say even good and substantial trades come under Rs. 5. For example 90 per cent of the Coffee stalls in the Municipalities will come under Rs. 5. You will find the majority of the coffee stalls in Trichur come under the category of Rs. 5. The difficulty is how can we give relief to these petty traders, but at the same time not to allow well-to do traders to escape from the clutches of this section. That is the position we find ourselves in. If any constructive proposal of that nature can be brought forward, not only it will be a great relief to the petty traders, but it will also help the Government. In our anxiety to do good to the extremely poor traders, we cannot allow really rich merchants who are doing these trades to escape.

Mr. V. P. Kannu Pillai (*Mattancheri*): അങ്ങിനെ അല്ല. ഇരുപത്തഞ്ചായിരം രൂപാ ഇതൊക്കെ ഉൾപ്പെടെയാണ്. അതിൽ മില്ലിലെ ലൈസൻസ്സുഫീസ്സ് കൂടി ഉൾപ്പെട്ടും. ചില്ലറ വ്യവസായങ്ങളിൽനിന്നു പിരിക്കുന്നതു ഉദ്ദേശ്യം പതിനായിരം രൂപയിൽ കൂടുതലുണ്ടായിരിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon (*Trichur North*): What I want the Hon'ble Minister to think is if it is only a small sum of Rs. 2,000 and if you can give some relief to these petty traders, that question may be favourably considered. But I want to impress upon the Minister the desirability of giving relief to these very poor petty traders who trade in one basket of fish, etc.

Mr. A. Sivarama Menon (*Minister for Rural Development*): I shall examine the case of these poor people.

Mr. C. R. Iyyunni (*Trichur Town-South*): May I know whether there is provision in the law by which petty traders can be exempted from the payment of this license fee?

Mr. A. Sivarama Menon (*Minister for Rural Development*): Yes.

Mr. P. Govinda Menon: (*Mulakunnathukavu*): സർ, ഗ്രാമോദ്ധാരണമന്ത്രിയുടെ ഭരണത്തിനു വിട്ടുകൊടുത്തിട്ടുള്ള ഏഴു ഡിപ്പാർട്ട്മെണ്ടുകളിൽ വെച്ച് ഏറ്റവും ദുഷ്ടം പിടിച്ചതു് പൊതുജനാരോഗ്യവകുപ്പാണെന്ന് അദ്ദേഹത്തെ ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളുന്നു. നാലൊ അഞ്ചൊ കൊല്ലത്തെ വിസ്തിതങ്ങളും അസംബന്ധങ്ങളും ഉദ്ധരണങ്ങളും കൂട്ടിച്ചേർത്തു ഒരു കൊട്ടയാക്കി അദ്ദേഹത്തിന്റെ തലയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഈ ഡിപ്പാർട്ട്മെണ്ടിലേക്കു കൊല്ലംതോറും ഉള്ള വരവിൽ ഫ്രഷ് -ലെ വരവ് നൂറ്, ൦ ൦ ൦ ഉറുപ്പികയും ചിലവ് ഒരു ലക്ഷത്തിഅൻപതിനായിരം ഉറുപ്പികയുമാണ്. ഈ ചിലവിൽ ഒരു പ്രധാനപ്പെട്ട ഭാഗം പൊതുജനങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനായിട്ട് നിയമിതരായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമാണെന്നും ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. (ഹീയർ, ഹീയർ). പൊതുജനാരോഗ്യവകുപ്പുപോലെയുള്ള ഒരു വകുപ്പിൽ ചിലവു ചെയ്യുന്ന സംഖ്യയുടെ ഒരു പ്രധാനപ്പെട്ട ഭാഗം പ്രചാരകന്മാരുടേയും പ്രവർത്തകന്മാരുടേയും ശമ്പളത്തിനു വേണ്ടി ചിലവു ചെയ്യപ്പോവുകയാണെങ്കിൽ, അതിൽ വലിയ അത്ഭുതത്തിന്നവകാശമില്ലെന്നും ഞാൻ ഓർക്കുന്നുണ്ട്. എന്നാൽ നാലഞ്ചു കൊല്ലങ്ങളായിട്ട ഈ ഡിപ്പാർട്ട്മെണ്ടിന്റെ പ്രവർത്തനംകൊണ്ടു പൊതുജനങ്ങളുടെ ആരോഗ്യത്തിനു എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതു മന്ത്രി അവർകളെ ധരിപ്പിക്കരുതെന്നുള്ള വിചാരം ഇതിന്റെ മുമ്പുള്ള അദ്ദേഹത്തെ എൽപ്പിക്കുന്നതുവരെ ഉണ്ടായിരുന്നുവെന്നും ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളുന്നു. സാധാരണ ഇങ്ങിനെയുള്ള ഡിപ്പാർട്ട്മെണ്ടുകളുടെ പ്രയോജനത്തെ അളക്കുന്നതിനു ഒരു മാനദണ്ഡമായിട്ട ഞാൻ ഒരു ചെറിയ ടെസ്റ്റ് ഇവിടെ പറയാം. ഫ്രഷ് ചിങ്ങം ഫാംനു- മുതൽ ഈ പൊതുജനാരോഗ്യവകുപ്പു പെട്ടെന്നു ഒരു രാജകീയകല്പനപ്രകാരം നിറുത്തി എന്നു വിചാരിക്കുക. അതുകൊണ്ടു നമ്മുടെ ജനങ്ങൾക്കു എന്തെങ്കിലും ബുദ്ധിമുട്ടൊ കൂടുതൽ കഴപ്പമൊ സങ്കടമൊ വരുമൊ എന്നാലോചിക്കുകയാണെങ്കിൽ തീർച്ചയായിട്ടും ഇല്ലെന്നു പറയത്തക്കവിധത്തിൽ, അത്ര അസംബന്ധമായവിധത്തിലാണു ഈ ഡിപ്പാർട്ട്മെണ്ടു ഇതുവരെ പ്രവൃത്തിച്ചിട്ടുള്ളതെന്നു കാണാം. ചിങ്ങം ഫാംനു- മുതൽ പൊതുജനാരോഗ്യവകുപ്പ് ഇല്ലാതാക്കിയാൽ യാതൊരു തകരാറും ഇവിടെ ഉണ്ടാകയില്ല. അതില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടും ആരും അറിയുകയില്ല. പക്ഷെ ആ ഡിപ്പാർട്ട്മെണ്ടിലേക്കു ചെറിയ ചെറിയ സംഖ്യകൾ നികുതി കൊടുക്കുന്ന ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

മാത്രം അറിയും. അതിലിരിക്കുന്ന വലിയ വലിയ തസ്തികക്കാരായ ഉദ്യോഗസ്ഥന്മാരും അറിയും. ഒരു ജനകീയമന്ത്രിയുടെ കയ്യിൽ ഈവക ഡിപ്പാർട്ട്മെണ്ടുകളെ ഒരുമേല്പിച്ചാൽ അദ്ദേഹം ആദ്യമായി നോക്കേണ്ടതു് ഒരു പരിവർത്തനം ആ ഡിപ്പാർട്ട്മെണ്ടുകളിൽ ഉണ്ടാക്കുവാനാണു്. ചെറിയ ചെറിയ കൈത്തൊഴിലുകൾക്കും വ്യവസായങ്ങൾക്കും ലൈസൻസു് എടുപ്പിക്കുന്ന സമ്പ്രദായത്തെക്കുറിച്ചു് ഈ സഭയിൽ വളരെ അധികം ആക്ഷേപങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ടു്. അതിനു വേണ്ടി ചുമത്തിവരുന്ന ഫീസിനെ ഗവൺമെണ്ടുപക്ഷത്തിൽനിന്നു പറയുമ്പോൾ അതു നികുതിയല്ല, ലൈസൻസു് ഫീസാണെന്നു പറയും. ധനതത്ത്വശാസ്ത്രപ്രകാരം നോക്കുമ്പോൾ ഒരു വലിയ വ്യത്യാസം ഇവ രണ്ടിനും തമ്മിലുണ്ടു്. പാവപ്പെട്ട ആളുകളിൽനിന്നും പിരിക്കുന്നതു് നികുതിയെന്ന പേരിലായാലും, ലൈസൻസ്ഫീസു് എന്ന പേരിലായാലും ഉദ്ദേശ്യം ഉദ്ദേശ്യികതന്നെയാണു്. നികുതിയായി ഉദ്ദേശ്യിക കൊടുത്താലും, ഫീസായി ഉദ്ദേശ്യിക കൊടുത്താലും അതു രണ്ടും പണംതന്നെയാണു്. അടക്ക കൈത്തൊഴിലിന്മേൽ ചുമത്തുന്ന നികുതി ഒഴിവാക്കണമെന്നു് ഈ സഭയിൽ വാദപ്രതിവാദം നടത്തുകയും, അതിനെ ഗവൺമെണ്ടു് അംഗീകരിക്കുകയും ചെയ്തു. ലൈസൻസു് ചുമത്തപ്പെടുന്ന കൈത്തൊഴിൽകാരിൽ വെച്ചു് പ്രാമാണ്യവും പ്രാധാന്യവുമുള്ളവർ അടക്ക തൊഴിലാളികളാണു്. അടക്കയുടെ കാര്യത്തെക്കുറിച്ചു് ഈ സഭയിൽ വാദിക്കുന്നതിനും അവർക്കു് ആളുകളുണ്ടായി. ആ വാദം ഗവൺമെണ്ടിനു സ്വീകരിക്കുന്നതിനുള്ള സന്ദർഭവുമുണ്ടായി. എന്റെ മറ്റൊരു സ്നേഹിതൻ മിസ്റ്റർ ഇബ്രാഹിം പറഞ്ഞതുപോലെ ചുണ്ണാമ്പുണ്ടാക്കുക മുതലായ നിസ്സാരങ്ങളായ തൊഴിലുകൾ ചെയ്തു വളരെ ദാരിദ്ര്യത്തിൽ ഉപജീവനം കഴിച്ചുവരുന്ന ആളുകളുടെ മേൽ ഈ ലൈസൻസുഫീസു് ചുമത്തുന്ന സമ്പ്രദായം വളരെ കഷ്ടപ്പാടുണ്ടാക്കുന്ന തന്നാണെന്നു് പൊതുജനപ്രതിനിധികളായ നമുക്കു പറയാതെ നിവൃത്തിയില്ല. ഈ ലൈസൻസിംഗുകൊണ്ടുദ്ദേശിച്ചിട്ടുള്ള ഗുണവും ദോഷവും ഇന്നതെല്ലാമാണെന്നു് അതു വേണ്ടിടത്തോളം ഉണ്ടാക്കിത്തീർത്തിട്ടുള്ള ഗവൺമെണ്ടിനെ അറിയിക്കുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു. കാപ്പിക്കടകൾക്കും, ചായക്കടകൾക്കും നികുതി ചുമത്തുന്നതു് നല്ല കാപ്പിയും ചായയും പലഹാരങ്ങളുമാണു് അവിടെ വിൽക്കുന്നതെന്നും, അവിടെ വൃത്തികെട്ടതൊ ആരോഗ്യഹാനികരമായതൊ ആയ യാതൊന്നുമില്ലെന്നും, അവിടെ ക്ഷണം കഴിക്കുന്നവർ ഈച്ചയുടെ എച്ചിലല്ല കഴിക്കുന്നതെന്നും പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനായിട്ടാണു്. ലൈസൻസു് എടുപ്പിക്കുത്തി കഴിഞ്ഞതിനു ശേഷം വളരെയൊന്നും ഈ കാര്യത്തിൽ പൊതുജനാരോഗ്യവകുപ്പു് ഇതുവരെ പ്രവൃത്തിച്ചിട്ടില്ലാത്തതുമാകുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കർ കുറെകൂടി ബുദ്ധിപൂർവ്വം ആലോചിച്ചു് ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവരുകയും, ലൈസൻസു ഫീസു് ചുമത്തുന്നതിനെക്കുറിച്ചു് ആക്ഷേപിക്കുന്നതിനേക്കാൾ കൂടുതലായിട്ടു ലൈസൻസുഫീസു് ചുമത്തുന്നതിനോടു കൂടി അതുകൊണ്ടുദ്ദേശിക്കപ്പെട്ട ഗുണം ഉണ്ടാകുന്നില്ലെന്നു് എടുത്തുകാണിച്ചു് ഗവൺമെൻറിനെ ആക്ഷേപിക്കുകയും ചെയ്യാത്തതിൽ എനിക്കു കുറച്ചു സങ്കടമുണ്ടു്. ഇപ്പോൾ ലൈസൻസു ചുമത്തുന്നതു് എന്തുദ്ദേശത്തോടുകൂടിയാണൊ ആ ഗുണം വാസ്തവത്തിൽസിദ്ധിക്കുന്നില്ല. കേവലം ലൈസൻസ്സു കൊടുക്കുക, പ്രതിഫലമായി പണംവാങ്ങുക എന്നതു മാത്രമല്ലാതെ പൊതുജനാരോഗ്യ ഡിപ്പാർട്ട്മെൻറിലെ കീഴുദ്യോഗസ്ഥന്മാരുടെ ആലസ്യവും ധാരാളമുണ്ടെന്നു പ്രത്യക്ഷമാകുന്നുണ്ടു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽ തന്നെ അതു് ഇന്നിന്നതാണെന്നു് എടുത്തു പറയാമല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon (*Mulakunnathukavu*): എന്റെ സ്നേഹിതൽ മിസ്റ്റർ പണിക്കർ അതു പറയാത്തതുകൊണ്ടും, മിസ്റ്റർ അയ്യപ്പൻ പറയുമോ എന്നു നിശ്ചയമില്ലാത്തതുകൊണ്ടും ഞാൻ പറയുന്നതാണ്.

Mr. A. Eachara Menon (*Chittur-Rural*): നിങ്ങൾക്കു പറയാൻ പാടില്ല എന്നില്ലെല്ലൊ.

Mr. P. Govinda Menon (*Mulakunnathukavu*): അതുകൊണ്ടാണല്ലൊ ഞാൻ പറയുന്നതു്. ഏതായാലും പണം ഇപ്പോൾ വേണമെന്നാണ പറയുന്നതു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): പണം ഇപ്പോൾ വേണമെന്നല്ല പറയുന്നതു്.

Mr. P. Govinda Menon (*Mulakunnathukavu*): എന്റെ സ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ നിവൃത്തിയുള്ളപ്പോഴെല്ലാം പണം വേണമെന്നു പറയുന്ന ആളാണു്. അതിനെപ്പറ്റിയൊന്നും ഞാൻ ഇവിടെ പറയുന്നില്ല.

എനിക്കു് പറയുവാനുള്ളതു് ഈ ലൈസൻസു് സമ്പ്രദായത്തെ സംബന്ധിച്ചു് സൂക്ഷ്മമായി പരിശോധിച്ചു് അതിൽ നിന്നും ഒഴിവാക്കേണ്ടവരെ ഒഴിവാക്കി ഇങ്ങിനെയുള്ള ചെറിയ ചെറിയ വ്യവസായങ്ങൾ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം സാധുക്കളായ തൊഴിലാളികൾക്കു കൊടുക്കണമെന്നാണു്. എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കർ ഈ ഉദ്യോഗികയിൽ താഴെ ലൈസൻസു് ഫീസു് മുതലപ്പെടുന്ന കാര്യത്തിൽ പ്രത്യേകം ദൃഷ്ടി പതിപ്പിച്ചതു് ചെറിയ നികുതി കൊടുക്കുന്നവർക്കാണു് വലിയ കഷ്ടപ്പാടുള്ളതെന്ന കാരണം കൊണ്ടായിരിക്കണം. ഈ ഉദ്യോഗികക്കു മേൽ ലൈസൻസുഫീസു് കൊടുക്കുന്നവർ അതു കൊടുക്കുവാൻ പ്രാപ്തിയുള്ളവരായിരിക്കുമെന്നുള്ള ഉദ്ദേശത്തോടു കൂടിയായിരിക്കണം അതു വിട്ടുകളഞ്ഞതെന്നും ഞാൻ വിചാരിക്കുന്നു. ഏതായാലും ഇപ്പോഴത്തെ ഈ ലൈസൻസു് സമ്പ്രദായത്തെ പാടെ പരിശോധിച്ചു് വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതാണെന്നു് ഗവൺമെൻറിനെ ഉൽബോധിക്കുവാനായി ഞാൻ ഈ അവസരത്തെ ഉപയോഗിച്ചുകൊള്ളുന്നു.

Mr. M. K. Devassy (*Adur*): Sir, I am confident that my friends on the opposite side are waiting with a pleasant anxiety to see how we will manage in such a critical situation. Because had I been on the opposite bench, probably I would have supported them and I would have supported them without looking into the constructive side of things, viz., while I may say that it is necessary to abolish all license fees I have not got to look to how this Health Department could be managed without difficulty. I am one of those who think that we should have both the health and safety of the poor. I would think that it is absolutely necessary in order to maintain the Public health of the State that we should have an effective machinery to prevent adulteration of the food. It is with this object that we have got a machinery to supervise these petty trades.

Mr. K. Ayyappan (*Ezhuvas-Kanayannur*): മിസ്റ്റർ പ്രസിഡണ്ടു്, സർ, ലൈസൻസു് വേണ്ടെന്നു ബഹുമാനപ്പെട്ട അഡൂർ മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചു കഴിഞ്ഞു. പണമില്ലാത്ത വിഷമം ഗവണ്മെൻറിനു വരാതെ ഇരുള്ളതുകൊണ്ടു മാത്രമാണു് അദ്ദേഹം ഈ ലൈസൻസ് വേണമെന്നു പറയുന്നതിനിടയായതെന്നും വളരെ സങ്കടമുണ്ടെന്നു മട്ടിൽ വിഷമത്തോടു കൂടി പറഞ്ഞു.

Dr. A. R. Menon (*Trichur-North*): It comes under offensive trade.

Mr. M. K. Devassy (*Adur*): So my position is clearly this. The Government should levy a fee only as far as is absolutely necessary to maintain this effective control and with a view to protect the food from adulteration. And if the Government is taxing the people to any greater extent, it is up to the people to oppose such measures. But as the cut motion now stands in the words of Mr. Panicker, we are not in a position to understand what will be the amount involved in it. We do not know how much amount will have to be reduced if it is below Rs. 5.

Mr. K. Ayyappan (*Ezhuvas-Kanayannur*): Get the information from the other side.

Mr. M. K. Devassy (*Adur*): If that side will be able to supply me with that information, perhaps it may help the discussion.

Mr. A. Sivarama Menon (*Minister for Rural Development*): I may bring to the notice of the House—perhaps it may help the discussion—that this subject was considered a few months ago by the Health Advisory Committee. They considered the question of the revision of license fees for dangerous and offensive trade and after a long discussion, a resolution was passed by that body consisting of a majority of non-official members. The resolution passed at that meeting was, 'Resolved that license fees on tea and coffee hotels may be fixed on a graded scale of Rs. 2, Re. 1, and As. 8 according to the locality and importance of the shop' and added 'that no revision in respect of other items is necessary'.

A voice:—Who were the non-official members ?

Mr. A. Sivarama Menon (*Minister for Rural Development*): Messrs. A. Eachara Menon and George Parakkal.

Mr. M. K. Devassy (*Adur*): To continue what I said. In the face of what has been said by the Hon'ble Minister it is an authority for the position that what was decided by this House once has been followed by the Government. Even then, I would go still further and say that if this Department can be managed

LIBRARY ARCHIVES Kerala Legislative Assembly

by a smaller amount, all possible steps be taken to effect it and the license fees be proportionately reduced or done away with. A cut motion of this sort which does not place us in a position from where we are able to guage where exactly we are, cannot be blindly supported at any rate by this party. I would at the same time solicit the Government to see that in all deserving cases exemptions are given and that the provision of it is not a dead letter or a sleeping law but a practical law in deserving cases.

Mr. A. Sivarama Menon (*Minister for Rural Development*). I have already said that I shall exempt such cases.

Dr. A. R. Menon (*Trichur-North*): You will find that perhaps you will be able to exempt certain headings which are included under dangerous and offensive trades.

Mr. K. Ayyappan (*Ezhuvas-Kanayannur*): എന്താവശ്യത്തിനെങ്കിലും ആകട്ടെ. പണം വേണമെന്നാണല്ലോ പറയുന്നത്.

Mr. M. K. Devassy (*Adur*): In order to maintain public health we should have money and for that we should levy the fees.

Mr. K. Ayyappan (*Ezhuvas-Kanayannur*): മുതലെടുപ്പു വെട്ടിക്കുറയ്ക്കുന്നതെന്നു തന്നെയാണ് സകല ഗവണ്മെൻറുകളും പറയുന്നത്. ഗവണ്മെൻറു സൈഡിലുള്ളവരുടെ വിഷമങ്ങളെല്ലാം പേക്കുമറിയാം. അതു പോലെയുള്ള വിഷമങ്ങൾ പബ്ലിക്കു ഹെൽത്ത് ഡിപ്പാർട്ടുമെണ്ടിനുമുണ്ടായിരുന്നിരിക്കാം. കൊച്ചി ഗവണ്മെണ്ടിൻെറ പല ശാഖകളിൽ ഇതു പബ്ലിക്ക് ഹെൽത്തു മാത്രം നാലഞ്ചു കൊല്ലങ്ങളായി വളരെ വഷളായിരുന്നുവെന്നു പറയേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

Mr. P. Govinda Menon (*Mulakunnathukavu*): ഇപ്പോഴത്തെ വിഷയം അതേകുറിച്ചു മാത്രമാണ്. അതുകൊണ്ടു അതേ കുറിച്ചു മാത്രം പറഞ്ഞുവെന്നേയുള്ളൂ.

Mr. K. Ayyappan (*Ezhuvas-Kanayannur*): അതു മിനിസ്റ്റരുടെ ഭരണത്തിനു വിട്ടുകൊടുത്തിട്ടുള്ളതുകൊണ്ടാണെന്നു പറഞ്ഞുകൂടെ? ഏതായാലും ൫, ൬ കൊല്ലങ്ങളായി അഴകുഴപ്പനായിരുന്നുവെന്നു പറഞ്ഞു ആക്ഷേപിക്കത്തക്ക ഒരു ന്യൂനത ആ ഡിപ്പാർട്ടുമെൻറിനു മാത്രമുണ്ടായിരുന്നുവെന്നു പറയുവാൻ നിവൃത്തിയില്ല. ഏതായാലും ഇപ്പോൾ കൺസ്ട്രക്ടീവ് ക്രിട്ടിസിസമാണാവശ്യമെന്നും മറ്റും അനുദ്യോഗസ്ഥഭാഗത്തെ ഒരു കക്ഷിയിൽ നിന്നു തന്നെ പറയാൻ ഇടവന്നതിൽ ഉദ്യോഗസ്ഥപക്ഷം സന്തോഷിക്കുന്നുണ്ട്. അവരെ ഞാൻ അനുമോദിക്കുകയാണ് ചെയ്യുന്നത്. അനുദ്യോഗസ്ഥപക്ഷത്തു നിന്നു ഇതിനു മുമ്പെ തന്നെ മുതലെടുപ്പു ചുരുക്കുന്ന വാദങ്ങൾ പാടില്ലെന്നു ചിലപ്പോൾ വാദിച്ചിരുന്നതു വെറുതെയല്ലെന്നു ഇപ്പോൾ മിനിസ്റ്റീരിയൽ കക്ഷിക്കാർ സമ്മതിക്കുമെന്നു തോന്നുന്നു. ലൈസൻസു വേണമെന്നു അവർ ഇപ്പോൾ പറയുന്നുണ്ടല്ലോ.

Dr. A. R. Menon (*Trichur-North*): To appoint the controlling officers this money is utilised is the theory. They are

LIBRARY ARCHIVES Kerala Legislative Assembly

very careful that the theory underlying the principle is that this money is made use of in appointing Sanitary Inspectors so that they may go and inspect in order to protect public from eating bad food. That is the principle.

Mr. K. Ayyappan (*Ezhuvas-Kanayannur*): അപ്പോൾ ചില വ്യവസായങ്ങൾ കൺട്രോൾ ചെയ്യാൻ പണം വേണമെന്നുള്ളതിനാൽ ടാക്സ് ആവശ്യമാണെന്നാണ് അഡ്വർ മെമ്പർ പറയുന്നത്. കൺട്രോൾ ചെയ്യാൻ ടാക്സ് എന്തിനാണെന്നു മനസ്സിലാകുന്നില്ല. എതായാലും ഉദ്യോഗസ്ഥ പക്ഷത്തിനു ടാക്സ് അത്യാവശ്യമാണെന്നു പൂണ്ണബോദ്ധ്യം വന്നിരിക്കുന്നതുകൊണ്ട്—

Mr. C. R. Iyyunni (*Trichur Town-South*): ഫീസും ടാക്സും ഒന്നല്ലെന്ന കാര്യം നിങ്ങളോർമ്മിക്കണം.

Mr. K. Ayyappan (*Ezhuvas-Kanayannur*): എനിക്കു നിയമപരിജ്ഞാനം കുറവാണ്. ഫീസായാലും ടാക്സായാലും പിരിവ"തന്നെയാണ്. പദങ്ങളുടെ വ്യത്യാസത്തിനു വേണ്ടി തർക്കിക്കേണ്ട.

ഈ ലൈസൻസ് ഫീസ് വേണ്ടെന്നു വെച്ചാൽ നിസ്സാര സംഖ്യയെ നഷ്ടമാകയുള്ളൂ. അതു മന്ത്രി എങ്ങിനെയെങ്കിലും ഉണ്ടാക്കിക്കൊള്ളുമെന്നു വിശ്വസിക്കാം. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

Mr. P. Achyuta Menon (*Kattur*): മിസ്റ്റർ പ്രസിഡണ്ട്, സർ, പൊതുജനാരോഗ്യ വകുപ്പിന്റെ ലൈസൻസ് ഫീയെ സംബന്ധിച്ചു ചെയ്യേണ്ട പരിഷ്കാരത്തെക്കുറിച്ചു ചില മെമ്പറന്മാർ ഒച്ചപ്പാടോടുകൂടി ഒരു ഭാഗത്തുനിന്നു സംസാരിക്കുന്നതുകേട്ടു.

Mr. K. Ayyappan (*Ezhuvas-Kanayannur*): നിങ്ങൾക്കും അതുതന്നെ ഒച്ചയുണ്ട്.

Mr. P. Achyuta Menon (*Kattur*): സർ, ഒരു ഭാഗത്തു നിന്നും ണപരമായ പ്രവൃത്തികൾക്കു മൂലധന സമ്പാദനത്തിനായി കൊള്ളട്ടെ; അതിനുവേണ്ട പണത്തിനായി നിർബ്ബന്ധപൂർവ്വം ചിലർ സഹായിക്കുവാനൊരുങ്ങുന്നതായാലും, ഒരു കാലത്തു് ഒക്ടോബർമാസത്തിലാണെന്നു തോന്നുന്ന ജനങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും പരിശോധിച്ചു റിപ്പോർട്ടുചെയ്യാനൊരു കമ്മിറ്റി രൂപീകൃതമായപ്പോൾ ആ കമ്മിറ്റിയിലെ ഭൂരിഭാഗമാകുന്നതിനു ഭാഗ്യമൊ നിർഭാഗ്യമൊ ഉണ്ടായിരുന്ന ഒരംഗം—അന്നു് ചില കാപ്പിക്കടകൾക്കുമാത്രം ലൈസൻസ്സു് ചുരുക്കിയാൽ മതിയെന്നു് അഭിപ്രായം പറഞ്ഞിരുന്ന ഒരാൾ ആണ് പൂർണ്ണമനസ്സോടുകൂടിയല്ലെങ്കിലും ഇന്നത്തെ ഉപക്ഷേപത്തെ അനുകൂലിക്കാനുണ്ടായതു്—എന്നുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. പ്രചരണത്തിനുമാത്രമല്ല പ്രവൃത്തിക്കുകൂടി നാം ഉത്സുകരായിരിക്കേണമെന്ന ഒരു തത്വം നാം വിസ്മരിക്കരുതു".

Mr. K. Ayyapan (*Ezhuvas-Kanayannur*): അന്നു് കാപ്പിക്കടകളെക്കുറിച്ചു് പറഞ്ഞതു് അതിൽ കൂടുതൽ ചെയ്യണമെന്നു് ഉദ്ദേശിച്ചുതന്നെയാണു്.

Mr. P. Achyuta Menon (*Kattur*): പൊതുജനങ്ങളുടെ ആരോഗ്യത്തെ രക്ഷിക്കാൻവേണ്ടി അന്നു് രൂപീകൃതമായിരുന്ന കമ്മിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ പരിതഃസ്ഥിതികളും ആനുകൂല്യങ്ങളും വെച്ചുകൊണ്ടു് പരിശോധിച്ചപ്പോൾ കാപ്പിക്കടകൾക്കുമാത്രമെ കുറവുപാടുള്ളു എന്നു വാദിക്കാൻ സൽബുദ്ധിയുണ്ടായ മെമ്പർമാരുടെഭാഗത്തുനിന്നുതന്നെ ഇന്നിവിടെ ഒരുപക്ഷേഭം കൊണ്ടുവന്നിട്ടുള്ളതു് ഞങ്ങളെല്ലാപേരും സാധുജനസംരക്ഷണത്തിനു് തയ്യാറാണൊ എന്നു പരിശോധിക്കാനുള്ള ഉദ്ദേശത്തോടുകൂടി ആണൊ എന്നൊന്നു പരിശോധിച്ചു് പ്രചരണപ്രതി വിസ്തൃതമാക്കുന്നതിനുതന്നെ എന്നു് ഞാൻ സമ്മതിക്കുന്നു.

സർ, എനിക്കു പറയാനുള്ളതു് എന്റെ മുമ്പിൽ പ്രസംഗിച്ച കണയന്നൂർ ഇഴവമെമ്പർ പറഞ്ഞതുപോലെ ഒരു ഡിപ്പാർട്ട്മെൻറിനെമാത്രമെടുത്തു പരിശോധിച്ചതെന്തിനാണു്? ബാക്കി എത്ര ഡിപ്പാർട്ട്മെൻറുകളുണ്ടു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): സർ, ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല. ഈ ഡിപ്പാർട്ട്മെൻറിനെ പരിശോധിക്കേണ്ടെന്നു് ഞാൻ പറഞ്ഞില്ല. ഈ ഡിപ്പാർട്ട്മെൻറിനെമാത്രം അക്ഷേപിക്കേണ്ടെന്നാണു് ഞാൻ പറഞ്ഞതു്.

Mr. P. Achyuta Menon (*Kattur*): സർ, എന്റെ അനുഭവത്തിൽ, കുഗ്രാമങ്ങളിലുള്ള സാധുക്കൾക്കു രണ്ടു കുട്ട മത്സ്യം വില്ക്കുന്നതിനു് ലൈസൻസു് ഫീയുണ്ടു്. എന്നാൽ ആ മത്സ്യം ചീഞ്ഞതൊ നല്ലതൊ എന്നു പരിശോധിക്കുന്നുമില്ല. അതേസമയംതന്നെ ഈ സാധുക്കൾ വീട്ടിൽനിന്നു വരുമ്പോൾ ലൈസൻസ്സെടുക്കാൻ മറന്നുപോകുന്നപക്ഷം, ലൈസൻസ്സെടുത്തിട്ടുണ്ടൊ ഇല്ലയൊ എന്നൊന്നും നോക്കാതെ അവരെ വല്ലാതെ ബുദ്ധിമുട്ടിക്കാറുണ്ടെന്നു കാണുവും എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടാണു് ഈ ഡിപ്പാർട്ട്മെൻറു് മറെറ ഡിപ്പാർട്ട്മെൻറുകളെ അപേക്ഷിച്ചു് വളരെ അലസതയോടുകൂടിയാണു് പെരുമാറിട്ടുള്ളതെന്നു് പറഞ്ഞിട്ടുള്ളതു്. ഞാനിപ്പോൾ ഇതിനെക്കുറിച്ചു് അനുകൂലമൊ പ്രതികൂലമൊ ആയിട്ടൊന്നും പ്രസംഗിക്കുന്നില്ല. ഇതിനെക്കുറിച്ചു ഗവൺമെൻറു് അനുദ്യോഗസ്ഥന്മാരുമുപ്പെട്ട ഒരു കമ്മിറ്റി ശരിയായ വിവരങ്ങളും ആരാഞ്ഞതിനുശേഷം വേണം അനുകൂലമായൊ പ്രതികൂലമായൊ പറയാൻ സാധിക്കയുള്ളുവെന്നുമാത്രമെ എനിക്കു പറയുവാനുള്ളു. നിഷ്പക്ഷനിലയിൽനിന്നു ബഹുമാനപ്പെട്ട മന്ത്രിക്കു് നാം കുറച്ചുസമയം അനുവദിച്ചു് അതുവഴി സാധുസംരക്ഷണത്തിനു് പ്രവൃത്തിക്കുകയാണു് നമ്മുടെ കടമ. ഈ കൗൺസിലിൽ താഴെ ഫീസ്സുകൊടുക്കുന്ന ധനികരുമുണ്ടായും. അവരെ ഒഴിവുചെയ്തു് നിർമ്മാണപരമായ പ്രവൃത്തികൾക്കു് പണം ഇല്ലാതെ ആക്കേണ്ട ആവശ്യമില്ല.

Mr. C. V. Iyyu (*Kunnamkulam*): I move for a closure of the motion.

Motion put and carried.

***Mr. A. Sivarama Menon** (*Minister for Rural Development*): President, Sir, I am glad that we had a very useful discussion over this very important matter, affecting as it does several of our poor people living in the Villages. Let me not be misunderstood when I say that if I am not able to agree to the suggestion contained in the cut motion it is because I do not

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

find it as easy as some hon'ble members seem to think that the moment the question of struggling starving villagers is brought to the forefront, that very moment the Government must say 'no tax'. I am not a believer of that theory and I do not propose to follow it as long as I am in charge of this Department. This question was considered by a responsible advisory body so recently as October 1937. I am bound to respect the decision arrived at by that body and even that body did not make the pretence of recommending a total cut of levies falling below Rs. 5. My present impression, Sir, is that that proposal may turn out to be absolutely impracticable. If the income from this item mainly from levies falling below Rs. 5 is going to be stopped I must openly confess that I may not find my way to make good the loss. That does not mean that the Government wants to oppress the poor. On the other hand the Government are anxious that the poor should be helped. And it is not good trying to cloud the issue by saying that the levy of 4 annas or 8 annas will have only the oppressive effect. The primary idea as attempted to do was to control the trade in the interest of both the rich and the poor and in the interest of all. If anybody requires help in this direction it is the poor that requires help. I am very happy at the same time to assure the House as the Minister in charge of the subject I will review the subject and see if any relief can be extended to the really poor. The law allows it and I may not be slow to exercise the power that is vested in me to give the relief to the deserving poor and with this assurance I request the hon'ble member not to press the motion to a division.

Mr. K. S. Panicker (*Ezhuvas-Mukundapuram*): സാധുക്ക ളുടെ കാര്യം പറയുമ്പോൾ മുതലക്കണ്ണുനീർ ഒഴുക്കുന്നവരെ ധാരാളം ഞാൻ കണ്ടിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിൽ ഇതേസംഗതിയെ സംബന്ധിച്ച് ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിക്കുകയും, ഇങ്ങിനെയുള്ള നിസ്സാരമായ വ്യവസായങ്ങൾക്ക് നികുതി പിരിക്കരുതെന്നു വളരെ ശക്തിയായി മുറപ്പാത്തിരിക്കുന്ന എന്റെ മാന്യസ്നേഹിതന്മാർ, ശ്രീമാൻ ഇയ്യുണ്ണി അവർകളും, മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ, ശ്രീമാൻ ടി. എ. രാമചന്ദ്രയ്യർ അവർകളും, ബ്രഹ്മശ്രീ അഷ്ടമൂർത്തി നമ്പൂതിരി അവർകളും എന്നിവരെല്ലാം അനുകൂലിക്കുകയും ചെയ്യുകയുണ്ടായി. അതിലേക്ക ഞാൻ അവരോട് ആദ്യമായി നന്ദിപറഞ്ഞുകൊള്ളുന്നു. ഗവമ്മെണ്ടിൽനിന്നു ഇങ്ങിനെയുള്ള സംഗതികളിൽ പലപ്പോഴും പല വാശ്വാനങ്ങളും നൽകീട്ടുണ്ടെങ്കിലും, അതു പ്രവൃത്തിപഥത്തിൽ വരുമ്പോൾ അധോമുഖമായ ഒരു ഭാവമാണ് അനുഭവപ്പെട്ടിട്ടുള്ളതു്. ഈ ഒരു സംഗതിയിൽ ഞങ്ങളുടെ മന്ത്രി അവർകൾ ഉപദേശിച്ചതിനു വിപരീതമായി പ്രവൃത്തിക്കേണ്ടിവന്നതിൽ കുറച്ചു വ്യസനവും വളരെ സന്തോഷവും എനിക്കുണ്ട്. വളരെ സന്തോഷമെന്നു ഞാൻ പറയുന്നതു് പ്രത്യേകകാരണം കൊണ്ടാണ്. ഗ്രാമീണരുടെ കഷ്ടസ്ഥിതികളെ കണ്ടറിയുന്നതിനു് തദപേക്ഷ ഞങ്ങളുടെ മന്ത്രിക്ക് ഇതുവരെ സാധിച്ചിട്ടില്ലായിരിക്കാം. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടായിരിക്കണം ഇങ്ങിനെയുള്ള വാശ്യാനങ്ങളെക്കൊണ്ട് അദ്ദേഹം എന്നെ ഇതിൽനിന്നും പിൻവലിപ്പിക്കാൻ ഉദ്ദേശിച്ചതെന്നാണ് ഞാൻ വിചാരിക്കുന്നത്.

സർ, ദരിദ്രന്മാരെ ഏതെല്ലാം വിധത്തിൽ കഷ്ടപ്പെടുത്തുവാൻ ഒരു ഗവ മെന്റിനു സാധിക്കുമോ അതെവിധത്തിലുള്ള സകല കഷ്ടപ്പാടുകളും നമ്മുടെ ഗവമെന്റ് ഉണ്ടാക്കുന്നുണ്ട്. ഫ,൦൦൦ ഉറുപ്പികയോ അതിന്റെ൯൴ ശതമാനമോ അതല്ലെങ്കിൽ അതിൽനിന്നും വമ്പിച്ച ഒരു സംഖ്യയോ ഈ ഇനത്തിൽ ഉണ്ടാകുന്നുണ്ടെന്നുള്ള അഭിപ്രായത്തോട് യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*): ഈ പന്തീരായിരത്തിൽ ഈ ഉറുപ്പികക്കു താഴെയുള്ള ടാക്സ് ഉൾപ്പെട്ടുന്നുണ്ടോ? ഈ ഉറുപ്പികക്കു താഴെയുള്ളതു് ഏകദേശം എത്രവരുമെന്നു് ഒരു കണക്കു പറയാമോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): പത്തു്, പതിനഞ്ചും മുപ്പതും നാല്പതും വീതം പിരിച്ചുവരുന്ന ഫീസെല്ലാം കൂടിയാണ് പന്തീരായിരത്തിൽപരം ഉറുപ്പികയുടെ തുക ഇവിടെ പറഞ്ഞതു്. ഒരു രൂപായും രണ്ടു രൂപായും നികുതി ചുമത്തിവരുന്ന നിസ്സാരങ്ങളായ വ്യവസായങ്ങൾക്കു് ആകെ എന്തു വരവുണ്ടെന്നു് ഗവമെന്റിനെക്കൊണ്ടു് സൂക്ഷ്മമായ ഒരു സംഖ്യ തരുന്നതിനു് അപ്രാപ്തി നേരിട്ടുവെങ്കിലും, എന്റെ ഏകദേശമായ കണക്കെടുക്കൽ കൊണ്ടു് ഈ ഇനത്തിൽ ഫ,൦൦൦ ഉറുപ്പികയിൽ കവിഞ്ഞ ഒരു സംഖ്യ ഗവമെന്റിനു നഷ്ടപ്പെടേണ്ടിവരുകയില്ലെന്നാണു കാണുന്നതു്. ഒരു പക്ഷെ അന്യായമായി കിട്ടുന്ന ഒരു പിരിവു് ഇപ്പോൾ നിഷേധിക്കപ്പെടേണ്ടിവന്നാലും അതു് എത്രയോ ജനങ്ങൾക്കു് ഉപകാരപ്രദമായിരിക്കുമെന്നും, എത്രയോ കുടുംബങ്ങൾക്കു് അതൊരു ഉപജീവനമാർഗ്ഗമായിരിക്കുമെന്നുമുള്ള സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതാണു്.

Dr. A. R. Menon (*Trichur Town-North*): ഫ,൦൦൦ ഉറുപ്പികയേ വരുകയുള്ളു എന്നു തീർച്ചയുണ്ടോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): ഇതു് അപ്രോക്സിമേറ്റായിട്ടു ഞാൻ എടുത്തിട്ടുള്ള കണക്കാണു്. ഗവമെന്റിനെക്കൊണ്ടു് അങ്ങിനെ ഒരു കണക്കെടുക്കുവാൻകൂടി സാധിച്ചിട്ടില്ല.

Mr. C. R. Iyyunni (*Trichur Town-South*): ഈ ഫീസു് കൊടുക്കേണ്ടിവരുന്നതു സാധുജനങ്ങൾ മാത്രമാണെന്നു ബഹുമാനപ്പെട്ട മെമ്പർക്കു പറയുവാൻ സാധിക്കുമോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): തീർച്ചയായിട്ടും. ബഹുമാനപ്പെട്ട തുക്കിർ മെമ്പറെപ്പോലെ ബാങ്കു് നടത്തുവാനും മറ്റും കഴിവുള്ളവരല്ല ഈ സാധുക്കൾ. ആ പണമുണ്ടെങ്കിൽ അതു ചിലവിട്ടു് അവർ വലിയ വലിയ വ്യവസായങ്ങൾ നടത്തും. ഇരന്നു നടന്നു കിട്ടുന്ന ഒന്നോ രണ്ടോ ഉറുപ്പിക മാത്രം കൊണ്ടു തുടങ്ങിട്ടുള്ള ചില്ലറ വ്യവസായങ്ങളുടെ കാര്യമാണു് ഞാൻ പറയുന്നതു്.

Mr. C. R. Iyyunni (*Trichur Town-South*): ബഹുമാനപ്പെട്ട മെമ്പർ വല്ല രേഖകളും നോക്കി പറയുന്നതോ, അതോ വെറുതെ പറയുന്നതോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): ഞാൻ എനിക്കു നേരിട്ടുള്ള അനുഭവത്തെക്കുറിച്ചാണു് പറയുന്നതു്. പട്ടണത്തിൽ താ

LIBRARY ARCHIVES Kerala Legislative Assembly

മസിക്കുന്നവരുടെയല്ല, കുറ്റാമങ്ങളിൽ താമസിക്കുന്നവരുടെ അനുഭവമാണ് പറയുന്നത്. അനുഭവത്തെ മറച്ചുവക്കുവാൻ മറ്റൊരു ചരിത്രത്തിനും വിധികർത്താവിനുപോലും സാധിക്കയില്ല.

Mr. M. K. Devassy (*Adur*): ഒരു പണക്കാരന്റെ കാര്യത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ലൈസൻസുഫീസ് ചുമത്തണ്ടാ എന്നു മിസ്റ്റർ പണിക്കർ പറയുമോ?

Mr. C. R. Iyyunni (*Trichur Town-South*): നാട്ടുമ്പുറങ്ങളിലുള്ളവരും വ്യവസായികളുമായവരെ ഒഴിവാക്കണമെന്നല്ലെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

Mr. K. S. Panicker (*Ezhuvas-Mukundapuram*): തീർച്ചയായിട്ടും അവരെ ഒഴിവാക്കുവാൻ പാടില്ല. പറമ്പുകച്ചിൽനിന്നും കൊണ്ടുവരുന്ന ഇത്തിരി മുതലായവ ധനവാന്മാരാണോ പ്രയോജനപ്പെടുത്തുന്നത്? ചിലപ്പോൾ ചില ആളുകളെയെല്ലാം ഒഴിവാക്കേണ്ടതായിട്ടു വരും. അവരെ ഒഴിവാക്കുകയും വേണം.

Mr. M. K. Devassy (*Adur*): അതു ഈ നിയമം വച്ചാൽ സാധിക്കുമോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): എന്റെ ഈ ഉപക്ഷേപം ഇന്നോ ഇന്നലെയോ കൊണ്ടുവന്നിട്ടുള്ളതല്ല. ഗവൺമെണ്ടിനു ഇതിലേക്ക് ഒരു ശരിയായ ഫിഗർ തയ്യാറാക്കുവാനുള്ള സമയം ധാരാളമുണ്ടായിരുന്നു. അതു ഗവൺമെണ്ടു ചെയ്തില്ല. അതുകൊണ്ട് ഞാൻ പറഞ്ഞ കണക്കു വളരെ ശരിയാണെന്നു ഗവൺമെണ്ടു വിശ്വസിച്ചുകൊള്ളണമെന്നാണ് എനിക്കു പറയുവാനുള്ളതു (ഹിയർ, ഹിയർ). കഴിഞ്ഞ കൌൺസിലിൽ ബഹുമാനപ്പെട്ട മുസ്ലീം മെമ്പർ മിസ്റ്റർ വി. കെ. കുട്ടി ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. മത്സ്യം പിടിക്കുന്നതു തൊഴിലായി സ്വീകരിച്ചിട്ടുള്ളവരെ മത്സ്യം ഉണക്കുക, പുഴുങ്ങുക, വില്ക്കുക എന്നിവക്കുള്ള ലൈസൻസിൽനിന്നും ഒഴിവാക്കണമെന്നുള്ളതായിരുന്ന ആ പ്രമേയം. അതനുസരിച്ച് ഗവൺമെണ്ടിൽനിന്നു ഒരു ഓർഡർ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അവർക്കു ഫീസില്ല. അവരെ ഫീസു പിരിവിൽനിന്നും ഒഴിവാക്കീട്ടുണ്ട്. അങ്ങിനെയുള്ളവർ ആ തൊഴിലുകാരാണോ എന്നു ഗവൺമെണ്ടിനു എങ്ങിനെ അറിയുവാൻ സാധിക്കും? പേരെ ആരെങ്കിലുമാണ് ആ തൊഴിൽ ചെയ്യുന്നതെങ്കിൽ ഗവൺമെണ്ടിനു എന്തുചെയ്യുവാൻ സാധിക്കും? ചാകാൻ കിടക്കുന്ന ആടിനെ പണം കൊടുത്താൽ സാനിട്ടറി ഡിപ്പാർട്ടുമെണ്ടിൽനിന്നും സീൽ കുത്തി അയക്കുന്നപോലെ ചില സംഗതികൾ ഗവൺമെണ്ടിൽനിന്നും ഒഴിവാക്കീട്ടുണ്ട്. അതുപോലെ ഇങ്ങിനെയുള്ള നിസ്സാരമായ വ്യവസായങ്ങളിൽനിന്നും പണം പിരിച്ചുവരുന്ന സമ്പ്രദായം മാറണമെന്നാണു പറയുന്നത്. നഖംകൊണ്ടു ഉണ്ടാൽ വയറുനിറയുകയില്ല, കുപ്പൽവച്ചു കടം കാവുകൊണ്ടു തീർക്കണ്ടാ ഇങ്ങിനെ ചില പഴഞ്ചൊല്ലുകളുണ്ട്. വലിയ വലിയ സംഖ്യകൾ ഓരോ സ്കീമുകൾക്കായി ചിലവിടേണ്ടിവരുന്നുവെന്നു വിചാരിച്ച് സാധുക്കളിൽനിന്നും ഇങ്ങിനെയുള്ള നിസ്സാരമായ സംഖ്യകൾ പിരിച്ചെടുത്തു ഗവൺമെണ്ടിന്റെ കഷ്ടപ്പാടു തീർക്കുവാനായിട്ട് അതുവലിയ കഷ്ടപ്പാടൊന്നും നമ്മുടെ ഗവൺമെണ്ടിനുണ്ടായിട്ടില്ല. അങ്ങിനെയൊരു വിചാരം ഗവൺമെണ്ടിനുണ്ടെങ്കിൽ അതു ഗവൺമെണ്ടിനു കേട്ടം യോജിച്ചതുമല്ല. ഭാരതത്തിലെ സാധാരണ പരം നാട്ടുരാജ്യങ്ങൾക്ക് ഒരു മാതൃകയായ കൊച്ചി ഗവൺമെണ്ട് സാധുക്കളെ ഞെക്കിപ്പിഴിഞ്ഞു പണമുണ്ടാക്കുവാൻ വിചാരിക്കുന്നതു കേട്ടം ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon (*Trichur Town-North*): അവിടെയൊക്കെ ഇത ടാക്സുണ്ടെങ്കിൽ ഇവിടെയും ആകാമല്ലൊ ?

Mr. K. Ayyappan (*Ezhuvas-Kanayannur*): ഇവിടെ മട്ടം പാടില്ല.

Mr. K. S. Panicker (*Ezhuvas-Mukundapuram*): മറെറാരു രാജ്യത്തും ഉത്തരവാദിത്വഭരണം കൊടുത്തിട്ടില്ലല്ലൊ ഇവിടെ നമുക്കു കിട്ടിയതു്.

Dr. A. R. Menon (*Trichur Town-North*): മട്ടാസിലില്ലെ ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): എന്നിക്കിതിൽ പ്രധാനമായി പറയുവാനുള്ളതു് എന്റെ ഉപക്ഷേപം കാച്ചുദിവസം മുമ്പുതന്നെ ഞാൻ അയച്ചിട്ടുണ്ടു്. ഇതുവരെ ഗവമ്മെണ്ടിൽനിന്നു് ഇതു വഴിക്കു് എന്തു നഷ്ടമുണ്ടാകുമെന്നു് ഒരു ഏകദേശ കണക്കെങ്കിലും ഉണ്ടാക്കുവാൻ സാധിക്കാത്ത ഗവമ്മെണ്ടിന്റെ അലസതയേയും കൃത്യവിരോധത്തേയും കുറിച്ചു് എനിക്കു പഴിക്കാതെ നിവൃത്തിയില്ല. ഗവമ്മെണ്ടു് ഇതു സംഗതിയിൽ വലിയ വിമുഖത കാണിച്ചിട്ടുണ്ടു്. ഇതു തീരെ അലക്ഷ്യമായിട്ടാണു് ഗവമ്മെണ്ടു വിചാരിച്ചതു്. അലക്ഷ്യന്മാരായ ദരിദ്രന്മാരുടെ കായ്മയായതുകൊണ്ടു് ഇതിനെ അലക്ഷ്യമാക്കി തള്ളിക്കളയരുതു്. ഒരു രാജാവിനും രാജ്യത്തിനും ശക്തിയും അഭിവൃദ്ധിയും ഉണ്ടാകുന്നതു് ഇങ്ങിനെയുള്ള സാധുക്കളുടെ കയ്യിൽനിന്നാണു്. ധനവാന്മാരുടേയും കുബേരന്മാരുടേയും വെളുത്ത മുണ്ടും മംഗളികയുമെല്ലാം ഇങ്ങിനെയുള്ള സാധുക്കളുടേതാണെന്നുള്ള ബോധത്തോടുകൂടി അവരുടെ രക്തം ഇനിയെങ്കിലും പിഴിഞ്ഞെടുക്കുവാൻ ഗവമ്മെണ്ടു വിചാരിക്കാതെ നിസ്സാരമായ ഇങ്ങിനെയുള്ള വ്യവസായങ്ങൾക്കു ഫീസു് കഴിവാക്കണമെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുകയും, ഈ ഉപക്ഷേപം വോട്ടിനിട്ടു് ഇതിന്റെ ഗുണദോഷം പൊതുജനങ്ങളെ മനസ്സിലാക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

The motion was put and lost.

Mr. K. S. Panicker (*Ezhuvas-Mukundapuram*): Poll, Sir.

Poll.

Ayes.

1.	Mr. V. P. Kannu Pillai	11.	Mr. K. M. Ibrahim
2.	,, V. J. Mathai	12.	,, K. Ayyappan
3.	,, C. V. Iyyu	13.	,, M. Sivarama Menon
4.	,, V. N. Damodaran Nambiar	14.	,, L. M. Pailey
5.	,, V. K. Bhaskara Menon	15.	,, M. L. Joseph
6.	,, A. V. Moothedan	16.	,, B. M. Peter
7.	,, A. Eachara Menon	17.	,, V. K. Krishnankutty
8.	,, K. R. Viswambharan	18.	,, Subbarayan Chetty
9.	,, K. S. Panicker	19.	,, K. P. Vallon
10.	,, K. R. Ramakrishnan	20.	,, C. K. Subramanian

LIBRARY ARCHIVES Kerala Legislative Assembly

Noes.

1.	Mrs. C. R. Iyyunni	14.	Mr. Shabdai S. Koder
2.	Mr. C. R. Iyyunni	15.	,, A. Sivarama Menon
3.	,, N. Govinda Pai	16.	,, K. P. Kannan Nayar
4.	Dr. A. R. Menon	17.	,, K. Achyuta Menon
5.	Mr. M. K. Devassy	18.	,, Thomas Manjuran
6.	,, T. A. Ramachandra Ayyar	19.	,, P. J. George
7.	,, P. Govinda Menon	20.	Dr. D. Raghavendra Rao
8.	,, Puthoor Achyuta Menon	21.	Mr. T. Narayana Menon
9	,, C. Kunjan Namburipad	22.	Rao Sahib M. Narayana Menon
10.	,, Ashtamoorthi Namburip d	23.	Rao Sahib I. N. Menon
11.	,, C. Ittiravi Namburipad	24.	Mr. K. M. Subramania Ayyar
12.	,, K. Ayyappan	25.	Rama Varmha Tampuran
13.	,, P. K. Madhava Menon		

(20 for and 25 against.)

Mr. K. Ayyappan (*Ezhuvas-Kanayannur*): On a point of information whether the Government servants can vote?

Mr. K. P. Kannan Nayar (*Secretary to Government*): Why not? They can vote.

Mr. K. R. Viswambharan (*Ezhuvas-Talœppalli*): On a point of order, May I know whether the Minister and the Advocate-General can vote in this matter?

Mr. Thomas Manjuran (*Advocate-General*): The Advocate-General is a nominated Member of the House. So he can vote.

Mr. Deputy President: The point of Mr. Viswambharan refers only to cases where the Advocate-General is not a Member of the Council.

Mr. K. M. Ibrahim (*Cranganur*): The hon'ble member's point is that in the transferred subjects Government officers cannot vote.

Mr. K. Ayyappan (*Ezhuvas-Kanayannur*): I do not press my point of order to any ruling.

Dr. A. R. Menon (*Trichur Town-North*): I would explain that there is only one convention established, understood or implied, that is in cases where any member moves a vote of no confidence or a vote of censure in that case as I understand the regulation, Government Members will not vote.

Mr. K. P. Kannan Nayar (*Secretary to Government*): No. There is no such convention.

Mr. Deputy President: It is not necessary to take that into consideration now. Mr. Ayyappan is not pressing. A ruling is unnecessary.

The House rose for the day at 5 p. m.

B. V. KRISHNANKUTTY MENON,
Seeretary to the Council.

LIBRARY ARCHIVES Kerala Legislative Assembly